**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5942** **25-03-2025 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിലെ ആദിവാസി നഗറുകളുടെ വൈദ്യുതീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിലെ തലവച്ചപ്പാറ, കുഞ്ചിപ്പാറ ആദിവാസി നഗറുകളുടെ വൈദ്യുതീകരണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | **കെ.എസ്.ഇ.ബി.എൽ.**<br><br>കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിലെ തലവച്ചപ്പാറ, കുഞ്ചിപ്പാറ ആദിവാസി നഗറുകളുടെ വൈദ്യുതീകരണം 19.06.2023-ൽ പൂർത്തീകരിച്ച് ചാർജ് ചെയ്തിട്ടുള്ളതാണ്. തലവച്ചപ്പാറയിൽ ആകെ 78 ആദിവാസി കുടുംബങ്ങളും, കുഞ്ചിപ്പാറയിൽ ആകെ 95 ആദിവാസി കുടുംബങ്ങളുമാണ് ഉള്ളത്. നിലവിൽ വയറിംഗ് പൂർത്തീകരിച്ച് അപേക്ഷ സമർപ്പിച്ച തലവച്ചപ്പാറയിലെ 33 കുടുംബങ്ങൾക്കും, കുഞ്ചിപ്പാറയിലെ 41 കുടുംബങ്ങൾക്കും വൈദ്യുതി കണക്ഷൻ നൽകിയിട്ടുള്ളതാണ്. ഇനിയും വൈദ്യുതി നൽകാനുള്ള വീടുകളുടെ വയറിംഗ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ/പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ മേൽനോട്ടത്തിൽ പൂർത്തീകരിച്ച് വൈദ്യത കണക്ഷനു അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ബാക്കി കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകാവുന്നതാണ്. |
| (ബി) | ഈ രണ്ട് ആദിവാസി നഗറുകളിലും ഇനിയും വൈദ്യുതി കണക്ഷൻ നൽകുവാനുള്ള വീടുകൾക്ക് അടിയന്തരമായി കണക്ഷൻ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിലെ തലവച്ചപ്പാറ, കുഞ്ചിപ്പാറ ആദിവാസി നഗറുകളുടെ വൈദ്യുതീകരണം 19.06.2023-ൽ പൂർത്തീകരിച്ച് ചാർജ് ചെയ്തിട്ടുള്ളതാണ്. തലവച്ചപ്പാറയിൽ ആകെ 78 ആദിവാസി കുടുംബങ്ങളും, കുഞ്ചിപ്പാറയിൽ ആകെ 95 ആദിവാസി കുടുംബങ്ങളുമാണ് ഉള്ളത്. നിലവിൽ വയറിംഗ് പൂർത്തീകരിച്ച് അപേക്ഷ സമർപ്പിച്ച തലവച്ചപ്പാറയിലെ 33 കുടുംബങ്ങൾക്കും, കുഞ്ചിപ്പാറയിലെ 41 കുടുംബങ്ങൾക്കും വൈദ്യുതി കണക്ഷൻ നൽകിയിട്ടുള്ളതാണ്. ഇനിയും വൈദ്യുതി നൽകാനുള്ള വീടുകളുടെ വയറിംഗ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ/പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ മേൽനോട്ടത്തിൽ പൂർത്തീകരിച്ച് വൈദ്യത |

| | | | |
|---|---|---|---|
| | | | കണക്ഷനു അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ബാക്കി കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകാവുന്നതാണ്. |
| (സി) | കുട്ടമ്പുഴ പഞ്ചായത്തിലെ 'തേര' ആദിവാസി നഗറിൽ വൈദ്യുതി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | **<u>കെ.എസ്.ഇ.ബി.എൽ.</u>**<br><br>നവകേരള സദസ്സിൽ തേര പ്രദേശവാസികളിൽ നിന്നും ലഭിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കുട്ടമ്പുഴ പഞ്ചായത്തിലെ 'തേര' ആദിവാസി നഗറിൽ വൈദ്യുതി നൽകുന്നതിനായി 4.4 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അറിയിച്ചിരുന്നു.<br><br>കെ.എസ്.ഇ.ബി.എൽ. ലൈസൻസി എന്ന നിലയ്ക്ക് വൈദ്യുതി കണക്ഷനുകൾ നൽകുന്നത് KSERC പുറപ്പെടുവിച്ചിട്ടുള്ള Supply code 2014 അനുസരിച്ചാണ്. Supply Code റെഗുലേഷൻ 32, 37 പ്രകാരം, ഏതു തരം വൈദ്യുതി കണക്ഷനും നല്കുന്നതിലേക്കായി വേണ്ടി വരുന്ന ചെലവ് മുൻകൂറായി അടയ്ക്കേണ്ടതും, ഇത്തരത്തിൽ ഏതെങ്കിലും വിഭാഗത്തിന് ചെലവ് വഹിക്കുന്നതിൽ നിന്നും ഒഴിവാക്കണമെങ്കിൽ ടി ചെലവ് സർക്കാർ മുൻകൂറായി ലൈസൻസിക്ക് നൽകേണ്ടതും ആണ്. ഇത്തരത്തിൽ പണം അടയ്ക്കുന്ന ക്രമത്തിലാണ് പുതിയ കണക്ഷനുകൾ നൽകി വരുന്നത്. തേര നഗറിന്റെ വൈദ്യുതീകരണ ത്തിനാവശ്യമായ തുക എം.എൽ.എ ഫണ്ടിൽ നിന്നോ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നോ കെ.എസ്.ഇ.ബി.എൽ.-ന് ലഭ്യമാക്കേണ്ടതുണ്ട്. വൈദ്യുതീകരണം പൂർത്തീകരിക്കണമെന്ന ബഹു. എം.എൽ.എ.-യുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ, എം.എൽ.എ. ഫണ്ടിൽ നിന്നും തുക ലഭ്യമാക്കാൻ 13.02.2025-ലെ കത്തു പ്രകാരം അഭ്യർത്ഥിച്ചിരുന്നു.<br><br>റെഗുലേറ്ററി കമ്മീഷന്റെ പുതുക്കിയ കോസ്റ്റ് ഡേറ്റ പ്രകാരം എസ്റ്റിമേറ്റ് തുകയിൽ വ്യത്യാസം വരുന്നതാണ്.<br><br>ഇത് കൂടാതെ വനംവകുപ്പിൽ നിന്നുള്ള അനുമതിയും ആവശ്യമായിട്ടുണ്ട്. വനംവകുപ്പിൽ നിന്നുള്ള അനുമതിയ്ക്കായി വനംവകുപ്പ് ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ വിശദമാക്കി എണ്ണക്കൽ ഫോറസ്റ്റ് സ്റ്റേഷൻ ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് കെ.എസ്.ഇ.ബി.എൽ. കത്ത് നൽകിയിട്ടുള്ളതാണ്.<br><br>വനം വകുപ്പിൽ നിന്നുള്ള അനുമതി, ആവശ്യമായ തുക എന്നിവ ലഭിക്കുന്ന മുറയ്ക്ക് തേര നഗറിന്റെ വൈദ്യുതീകരണം നടപ്പിലാക്കാവുന്നതാണ് എന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | <u>**അനെർട്ട്**</u><br><br>ജില്ലാ പഞ്ചായത്ത്, കോതമംഗലം ബ്ലോക്ക് പഞ്ചായത്ത്, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ്, കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് എന്നിവയുടെ സംയുക്ത പ്രൊജക്റ്റ് ആയി അനെർട്ടിന്റെ ഡെപോസിറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി 'തേര' ആദിവാസി നഗറിൽ 28 എണ്ണം സ്റ്റാന്റ് എലോൺ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് 10/10/2023 തീയതിയിൽ വർക്ക് ഓർഡർ നല്കിയിരുന്നു. എന്നാൽ ഭാവിയിൽ കെ.എസ്.ഇ.ബി.എൽ. വൈദ്യുതീകരണം നഷ്ടമാകും എന്ന കാരണം പറഞ്ഞ് പദ്ധതി നടപ്പിലാക്കുന്നതിന് പ്രസ്തുത ആദിവാസി നഗറിലെ ഗുണഭോക്താക്കൾ അനുവദിച്ചിട്ടില്ല. തുടർന്ന് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ വർക്ക് ഓർഡർ പ്രകാരമുള്ള സോളാർ ഉപകരണങ്ങൾ മറ്റൊരു നഗറിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് ധാരണ ആയി |

സെക്ഷൻ ഓഫീസർ